# കേരള വോളി ലീഗ് ഫിബ്രുവരി 20 മുതൽ

സ്പോർട്സ് ലേഖകൻ

**കൊച്ചി:** കേരള വോളിബോൾ അസോസിയേഷനുമായി സഹകരിച്ച് സ്പോർട്സ് കൺസാംട്ട് സംഘടിപ്പിക്കുന്ന പ്രഥമ കേരള വോളിബോൾ ലീഗ് (കെ.വി.എൽ.) 2010 ഫിബ്രുവരി 20 മുതൽ 28 വരെ കോഴിക്കോട്ട് നടക്കും. കൊച്ചിയിൽ തിങ്കളാഴ്ച വൈകിട്ട് നടന്ന ചടങ്ങിൽ കെ.വി.എൽ. ബ്രാൻഡ് അംബാസഡർ കൂടിയായ മെഗാസ്റ്റാർ മമ്മൂട്ടി ടൂർണമെൻറിൻെറ ലോഗോ പ്രകാശനം നിർവഹിച്ചു.

ഫിബ്രുവരി 20 മുതൽ ഒമ്പതു ദിവസങ്ങളിലായി കോഴിക്കോട് ഇൻഡോർ സ്റ്റേഡിയത്തിലാണ് കെ.വി.എൽ. ടീമുകളെ സ്വന്തമാക്കുന്നതിനായുള്ള ബിഡ്ഡിംഗ് ചൊവ്വാഴ്ച മുതൽ തുടങ്ങും. ഡിസംബർ 12ന് ബിഡ്ഡിംഗ് അവസാനിക്കും. 2010 ജനവരി 9നാണ് കളിക്കാരുടെ ലേലം. 10 ജില്ലകളിൽ നിന്നായി ആറു ടീമുകളെയാണ് പ്രഥമ കെ.വി.എല്ലിൽ പങ്കെടുപ്പിക്കുക. കേരളത്തിൽ നിന്ന് ചുരുങ്ങിയത് 100 കളിക്കാർക്ക് അവസരം കിട്ടും. ഓരോ ടീമിലും ആകെയുള്ള 12 കളിക്കാരിൽ എട്ടു പേർ കേരളത്തിൽ നിന്നാവണം. അണ്ടർ 21 തലത്തിലെ രണ്ടു കളിക്കാരും നിർബന്ധമാണ്.




കേരളാ വോളിബോൾ ലീഗിൻെറ ലോഗോ കൊച്ചിയിൽ നടന്ന ചടങ്ങിൽ നടൻ മമ്മൂട്ടി പ്രകാശനം ചെയ്യുന്നു

സ്പോർട്സ് കൺസാംട്ട് സി.ഇ.ഒ. ജിതേന്ദ്ര ജോഷി, കേരള വോളി അസോ. പ്രസിഡൻറ് ചാർളി ജേക്കബ്ബ്, സെക്രട്ടറി പ്രൊഫ.നാലകത്ത് ബഷീർ, കേരള സ്പോർട്സ് കൗൺസിൽ പ്രസിഡൻറ് ടി.പി.ദാസൻ, മുൻ താരങ്ങളായ മൊയ്തീൻ നൈന, എൻ.സി.ചാക്കോ, എസ്.എ.മധു , സെബാസ്റ്റ്യൻ ജോർജ്, സണ്ണി ജോസഫ് തുടങ്ങിയവരും പങ്കെടുത്തു.

കെ.വി.എല്ലിനെക്കുറിച്ചുള്ള ആൽബം ഒരുക്കിയ സംവിധായകൻ ആഷിക്ക് അബു, മൈത്രി ക്രിയേറ്റീവ് ഡയറക്ടർ വേണുഗോപാൽ എന്നിവർക്ക് മമ്മൂട്ടി വോളിബോൾ ഉപഹാരമായി നൽകി.